ജെ1 - 21084/16

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം,തീയതി. 04.07.2017

## സർക്കുലർ

സൂചന : പഞ്ചായത്ത് വകുപ്പിന്റെ - വെബ്സൈറ്റ് - അറിയിപ്പുകൾ പ്രസിദ്ധീകരിക്കുന്നത് - സംബന്ധിച്ച് -

പഞ്ചായത്ത് വകുപ്പിന്റെ വെബ്സൈറ്റ് പൂർണ്ണ സജ്ജമായിട്ടുണ്ട്. ടി വെബ്സൈറ്റിൽ ഡയറക്ടറേറ്റിൽ നിന്നുള്ള പ്രധാന അറിയിപ്പുകളും, കത്തുകളും, നിർദ്ദേശങ്ങളും ''ഡയറക്ടറേറ്റ് - അറിയിപ്പുകൾ ''എന്ന മെനുവിൽ പ്രസിദ്ധീകരിച്ച് വരുന്നുണ്ട്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ഗ്രാമപഞ്ചായത്തുകൾക്കുമുള്ള പൊതുവായ അറിയിപ്പുകൾ, എത്രയും വേഗം ലഭ്യമാക്കുന്നതിനു കൂടിയാണ്, ഈ രീതിയിൽ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നത്. ആയതിനാൽ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന വിവരങ്ങൾ പ്രസ്തുത മെനുവിൽ നിന്നും ഡൗൺലോഡ് ചെയ്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഓരോ ഗ്രാമപഞ്ചായത്ത് ആഫീസിലും വെബ്സൈറ്റ് ദിവസവും പരിശോധിച്ച് അറിയിപ്പുകൾ പ്രിന്റ് ഔട്ട് എടുത്ത് ബന്ധപ്പെട്ട അധികാരികളെയും, ഉദ്യോഗസ്ഥരെയും രേഖാമൂലം ഏൽപ്പിക്കേണ്ടതാണ്. ടി വെബ് സൈറ്റിന്റെ ലിങ്ക് ''**dop.lsgkerala.gov.in**'' എന്ന **URL** – ൽ ലഭ്യമാണ്.

മേൽ പരാമർശിച്ച പ്രകാരം നടപടികൾ സ്വീകരിക്കുവാൻ എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും പഞ്ചായത്ത് സെക്രട്ടറിമാർക്കും, PAU സൂപ്പർവൈസർമാർക്കും നിർദ്ദേശം നൽകുന്നു.

**എ.പി.അജിത് കുമാർ**
**പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ**

പകർപ്പ്: - 1. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
3. എല്ലാ PAU സൂപ്പർവൈസർമാർക്കും
4. കരുതൽ/ഫയൽ